# ഗൂഗിൾ സേഫ്റ്റി സെന്റർ

സുരക്ഷിതവും ഭദ്രവുമായി ഓൺലൈനിൽ
വർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ



Google

## ഈ ലഘുപുസ്തകം എന്തിനെക്കുറിച്ചാണ്?

നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും, നിങ്ങളുടെ സ്നേഹിതരെയും ഇന്റർനെറ്റിൽ സുരക്ഷിതവും, ഭദ്രവുമായി വർത്തിക്കാൻ സഹായിക്കാനാണ് ഗൂഗിളിന്റെ സേഫ്റ്റി സെന്റർ ലക്ഷ്യമിടുന്നത്.

ഈ ലഘുപുസ്തകം രൂപകല്പന ചെയ്തിരിക്കുന്നത്, നിങ്ങൾക്ക് ഓർക്കാൻ എളുപ്പവും ഉപയോഗപ്രദമായി നടപ്പാക്കാൻ ലളിതവുമായ സൂചനകളും പൊടിക്കൈകളും നൽകാനാണ്. ഇതിൽ ഞങ്ങൾ താക്കോൽ സ്ഥാനീയമായ ഉപദേശങ്ങളോടൊപ്പം സ്റ്റിക്കേഴ്സും ഉൾപ്പെടുത്തിയിട്ടു; നിങ്ങൾക്ക് അവയെ നിങ്ങളുടെ കമ്പ്യൂട്ടറിലോ നോട്ടുബുക്കിലോ അവസരോചിതമായ ഓർമ്മപ്പെടുത്തലിനായി പതിപ്പിക്കാവുന്നതാണ്.

ഈ പുസ്തകത്തിലുള്ളതും അതിൽ അധികവുമായ എല്ലാ വിഷയങ്ങളെയും സംബന്ധിച്ച് കൂടുതൽ ആഴത്തിലുള്ള വിവരങ്ങൾക്കായി ഞങ്ങളുടെ സേഫ്റ്റി സെന്റർ വെബ്സൈറ്റ് ആയ www.google.com/safetycenter സന്ദർശിക്കുക.

## ഉള്ളടക്കം


നിങ്ങൾക്ക് സുരക്ഷിതവും ഭദ്രവുമായി എങ്ങനെ ഓൺലൈനിൻ വർത്തിക്കാം പേ.4

നിങ്ങളുടെകുടും ബത്തിന് യോജിച്ചവതിര ഞ്ഞടുക്കുക പേ.9

നിങ്ങളെ സംരക്ഷിക്കാൻ ഗൂഗിൾ എങ്ങനെ സഹായിക്കുന്നു പേ.14

## നിങ്ങൾക്ക് എങ്ങനെ സുരക്ഷിതവും ഭദ്രവുമായി ഓൺലൈനിൽ വർത്തിക്കാം

സുരക്ഷിതമായി ആരംഭിക്കുന്നത്. ഇന്റർനെറ്റ് അന്വേഷിച്ചു ക
ുപിടിക്കുന്നതിനും, സൃഷ്ടി നടത്തുന്നതിനും, സഹകരിക്കുന്നതിനുമുള്ള
ധാരാളം അവസരങ്ങൾ ലഭ്യമാക്കുന്നു. വെബ്ബിന്റെ സമ്പൂർണ്ണ ഉപയോഗം
കൈവരിക്കുന്നതിന്, നിങ്ങൾ സുരക്ഷിതവും ഭദ്രവുമായി ഓൺലൈനിൽ
വർത്തിക്കുന്നത് എങ്ങനെയാണ് എന്ന് അറിഞ്ഞിരിക്കണം. നിങ്ങൾ
ഇന്റർനെറ്റിന്റെ പുതിയ ഉപയോക്താവോയാലും, അതിൽ
വിദഗ്ദ്ധനായാലും ഇവിടെ നൽകുന്ന ഉപദേശവും ടൂളുകളും
വെബ്ബിലൂടെ സുരക്ഷിതവും ഭദ്രവുമായി സഞ്ചരിക്കുന്നതിന് നിങ്ങൾക്ക്
സഹായകമായിരിക്കും.





• അക്കങ്ങൾ, അക്ഷരങ്ങൾ അടയാളങ്ങൾ എന്നിവ ചേർത്ത് ഉപയോഗിക്കുക

• ഓരോ വെബ്സൈറ്റിനും വ്യത്യസ്തമായ പാസ്സ്വേഡ് ഉപയോഗിക്കുക

• വ്യക്തിപരമായ വിവരങ്ങൾ ഉള്ള സംശയകരമായ സന്ദേശങ്ങൾക്ക് മറുപടി നൽകരുത്

### നിങ്ങളുടെ പാസ്സ്വേഡുകൾ സംരക്ഷിക്കുക

പാസ്സ്വേഡുകൾ ആണ് സൈബർ കുറ്റവാളികൾക്കെതിരെയുള്ള നിങ്ങളുടെ പ്രതിരോധത്തിന്റെ ആദ്യ നിര. വളരെ ശക്തമായ പാസ്സ്വേഡുകൾ നിങ്ങളുടെ ഓരോ പ്രധാന അക്കൗ നും ഉായിരിക്ക ണം എന്നത് വളരെ നിർണ്ണായകമാണ്; അതുപോലെ പാസ്സ്വേഡുകൾ കൃത്യമായ ഇടവേളകളിൽ അപ്പ്ഡേറ്റ് ചെയ്യുന്നത് നല്ല ശീലമാണ്. ശക്തമായ പാസ്സ്വേഡുകൾ ഉാക്കാ നും അവയെ സുരക്ഷിതമായി സൂക്ഷിക്കാനും ഇനി പറയുന്ന പൊടിക്കൈകൾ അനുവർത്തിക്കുക.

1. നിങ്ങളുടെ പ്രധാനപ്പെട്ട ഓരോ അക്കൗ നും, അതായത് ഇമെയിൽ, ഓൺലൈൻ ബാങ്കിങ് എന്നിവയ്ക്ക് വ്യത്യസ്തമായ പാസ്സ്വേഡ് വേണം ഉപയോഗിക്കാൻ.
2. നിങ്ങളുടെ പാസ്സ്വേഡ് അക്കങ്ങൾ, അക്ഷരങ്ങൾ, അടയാളങ്ങൾ എന്നിവ കൂടിച്ചേർന്നതും ആവശ്യത്തിന് ദൈർഘ്യമുള്ളതും ആയിരിക്കണം.
3. നിങ്ങൾക്ക് പാസ്സ്വേഡ് റീസെറ്റ് ചെയ്യേ അവസരങ്ങളിൽ, പല സേവനദാതാക്കളും നിങ്ങളുടെ റിക്കവറി ഇമെയിൽ വിലാസത്തിൽ ഇമെയ്ൽ അയയ്ക്കും; അതുകൊ് നിങ്ങളുടെ റിക്കവറി ഇമെയിൽ വിലാസം ഏറ്റവും പുതിയതും, നിങ്ങൾക്ക് അക്സസ്സ് ചെയ്യാവുന്നതുമായ ഒരു അക്കൗിേ നാട് ലിങ്ക് ചെയ്യപ്പെട്ടിട്ടു് എ പ്പോഴും ഉറപ്പാക്കുക.

നിങ്ങൾക്കു മാത്രം അറിയാവുന്ന ഒരു പദാവലിയെ ഒരു പ്രത്യേക വെബ്സൈറ്റിനോട് ബന്ധപ്പെടുത്തി ചിന്തിക്കുകയും അത് ഓർത്തിരിക്കയും ചെയ്യുക എന്നതാണ് ഒരു ആശയം. നിങ്ങളുടെ ഇമെയിൽ അക്കൗ ന് ഇനി പറയുന്നതുപോലെയുള്ള ഒരു വാചകം കൊ ് ആരംഭിക്കാം: "എന്റെ സ്നേഹിതർ ടോമും ജാസ്മിനും എനിക്ക് ഒരു രസകരമായ ഇമെയിൽ ദിവസത്തിൽ ഒരു പ്രാവശ്യം അയയ്ക്കുന്നു"; ഇതിന് അക്കങ്ങളും അക്ഷരങ്ങളും ഉപയോഗിച്ച് ഇപ്രകാരം, "MfT&Jsmafe1ad" പുനർനിർമ്മിക്കുന്നതായി സങ്കല്പിക്കുക. ഇത് ശരിക്കും വൈവിധ്യമുള്ള ഒരു പാസ്വേഡായി ഉപയോഗിക്കാം. ഇതുപോലെ മറ്റ് സൈറ്റുകൾക്കും പാസ്വേർഡ് ഉാക്കുക.

### ഐഡന്റിറ്റി മോഷണം തടയുക.

ക്രിമിനലുകൾ സാധാരണ ഉപയോഗിക്കുന്ന സൂത്രപ്രയോഗങ്ങൾ അറിഞ്ഞിരിക്കുന്നത് നിങ്ങളുടെ ഐഡന്റിറ്റി മോഷണം തടയുന്നതിനും ഓൺലൈൻ തിരിമറികളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതിനും സഹായകമാകും. ലളിതമായ ചില പൊടിക്കൈകൾ താഴെ കൊടുക്കുന്നു:

1. നിങ്ങളെ സംബന്ധിക്കുന്ന വ്യക്തിപരമായ അല്ലെങ്കിൽ സാമ്പത്തികമായ വിവരങ്ങൾ ചോദിച്ചുകൊ് നിങ്ങൾക്ക് ലഭിക്കുന്ന സംശയകരമായ ഒരു ഇമെയിൽ അല്ലെങ്കിൽ ഇൻസ്റ്റന്റ് സന്ദേശം കാൽ അതിന് മറുപടി നൽകരുത്.
2. നിങ്ങൾക്ക് വിശ്വാസയോഗ്യമായി തോന്നാത്ത ഒരു ഇമെയിൽ അല്ലെങ്കിൽ ഒരു ചാറ്റ് മുഖാന്തിരം എത്തിപ്പെട്ട ലിങ്കിൽ ഒരിക്കലും നിങ്ങളുടെ പാസ്സ്വേഡ് എന്റർ ചെയ്യരുത്.
3. നിങ്ങളുടെ പാസ്സ്വേഡ് ഇമെയിൽ വഴി അയക്കുകയോ, മറ്റ് ആളുകളുമായി അത് ഷെയർ ചെയ്യുകയോ അരുത്.

നിങ്ങൾക്ക് അറിയാവുന്ന ഒരാളിൽ നിന്നും ഒരു സന്ദേശം കാൽ, എന്നാൽ അത് അവരിൽ നിന്നും അല്ല എന്നു തോന്നിയാൽ, ഒരു പക്ഷേ അവരുടെ അക്കൗ് ഏതോ സൈബർ ക്രിമിനൽ നിങ്ങളിൽ നിന്നും പണമോ മറ്റു വിവരങ്ങളോ ചോർത്താൻ വേ ദുരുപയോഗം ചെയ്തിട്ടുകാം. നിങ്ങൾ വളരെ സൂക്ഷിച്ച് വേണം പ്രതികരിക്കാൻ, അല്ലെങ്കിൽ പ്രതികരിക്കാതിരിക്കാം. അത്യാവശ്യമായി പണം അയക്കണം, മറ്റൊരു രാജ്യത്ത് ഒറ്റപ്പെട്ടുപോയി, തന്റെ ഫോൺ മോഷ്ടിക്കപ്പെട്ടതിനാൽ വിളിക്കാൻ സാധിക്കുന്നില്ല എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന തന്ത്രങ്ങൾ. ഒരു ചിത്രം, ഒരു ലേഖനം അല്ലെങ്കിൽ ഒരു വീഡിയോ കാണാൻ ഒരു ലിങ്കിൽ ക്ലിക്കു ചെയ്യാനും സന്ദേശം നിങ്ങളോട് ആവശ്യപ്പെട്ടേക്കാം; അത് നിങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചോർത്തിയേക്കാ ക്ലിക്കു ചെയ്യുന്നതിന് മുമ്പ് ചിന്തിക്കുക!

• സംശയകരമായ പോസ്റ്റുകൾ, ഇമെയിൽ എന്നിവയോട്പ്രതികരിക്കരുത്

• ഡീലുകലെക്കുറിച്ച് ഓൺലൈൻ ഗവേഷണം നടത്തി തട്ടിപ്പിൽ നിന്നും ഒഴിയുക

• അത് അസാധ്യാകും വിധം നല്ലതാണെന്ന് കാണപ്പെടുകയാണെങ്കിൽ ശരിക്കും അങ്ങനെ ആയിരിക്കാം

• പൊതു സ്ഥലത്തെ, ഷെയർഡ് കമ്പ്യൂട്ടറിൽ നിന്നും ലോഗ്ഔട്ട് ചെയ്യണം.

## തട്ടിപ്പുകൾ ഒഴിവാക്കുക.

വെബ് മികവുറ്റ ഒരു ഇടമാകാം, എന്നാൽ ഓൺലൈനിൽ വരുന്ന എല്ലാവർക്കും നല്ല ഉദ്ദേശ്യങ്ങൾ മാത്രമല്ല ഉള്ളത്. തട്ടിപ്പുകാരെ ഒഴിവാക്കുന്നതിനും വെബ്ബിൽ സുരക്ഷിതരായിരിക്കുന്നതിനുമുള്ള മൂന്ന് ലളിതമായ മാർഗ്ഗങ്ങൾ ഇതാ::

1. സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്ന അപരിചിതരെ സൂക്ഷിയ്ക്കുക. ആരെങ്കിലും നിങ്ങൾ സമ്മാനം നേടിയിരിക്കുന്നു എന്ന് പറയുകയും, നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങളാൽ ഒരു ഫോം പൂരിപ്പിക്കണമെന്ന് നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ, അത് പൂരിപ്പിക്കുന്നതിനുള്ള പ്രലോഭനത്തിൽ വീഴാതിരിക്കുക. നിങ്ങൾ സബ്മിറ്റ് ബട്ടണിൽ ഹിറ്റ് ചെയ്തില്ലെങ്കിൽ പോലും, അവരുടെ ഫോമുകളിൽ നിങ്ങളുടെ ഡാറ്റ എഴുതാൻ നിങ്ങൾ ആരംഭിക്കുകയാണെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ തട്ടിപ്പുകാർക്ക് അഥവാ സ്കാമർമാർക്ക് നിങ്ങൾ അയയ്ക്കുന്നതാണ്..

2. സ്വയം ഗവേഷണം നടത്തുക. ഓൺലൈൻ ഷോപ്പിംഗ് നടത്തുമ്പോൾ, നിങ്ങൾ ഒരു പ്രാദേശിക വില്പനകേന്ദ്രത്തിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ ചെയ്യുന്നത് പോലെ തന്നെ വില്പനക്കാരനെ കുറിച്ച് ഗവേഷണം നടത്തുകയും, സംശയാസ്പദമാം വിധം കുറഞ്ഞ വിലകൾ വാഗ്ദാനം ചെയ്യുന്നതിനെതിരെ ജാഗ്രത പുലർത്തുകയും ചെയ്യുക. സത്യമായിരിക്കാൻ സാധ്യതയില്ലാത്ത ഓൺലൈൻ ഡീലുകൾ സൂക്ഷ്മമായി പരിശോധിക്കുക. വ്യാജ ഉല്പന്നങ്ങൾ വാങ്ങി കബളിപ്പിക്കപ്പെടാൻ ആരും ആഗ്രഹിക്കുന്നില്ല.

3. സംശയം തോന്നുന്നു എങ്കിൽ, സുരക്ഷിതമായി പ്രവർത്തിക്കുക. ഒരു പരസ്യമോ ഒരു ഓഫറോ വിട്ടുകളഞ്ഞതിനെ കുറിച്ച് നിങ്ങൾക്ക് ഖേദം തോന്നുന്നുവോ? നിങ്ങളുടെ നിശ്ചയദാർഢ്യത്തിൽ ആശ്രയിക്കുക. സുരക്ഷിതവും, അവലോകനം ചെയ്യപ്പെട്ടിട്ടുള്ളതും, വിശ്വസനീയവുമായ സൈറ്റുകളിൽ നിന്നു മാത്രം പരസ്യങ്ങളിൽ ക്ലിക്ക് ചെയ്യുക അല്ലെങ്കിൽ ഉല്പന്നങ്ങൾ വാങ്ങുക.

## നിങ്ങളുടെ സ്ക്രീൻ അല്ലെങ്കിൽ ഉപകരണം ലോക്ക് ചെയ്യുക.

നിങ്ങൾ കമ്പ്യൂട്ടർ, ലാപ്ടോപ്പ് അല്ലെങ്കിൽ ഫോൺ ഉപയോഗിച്ചു കഴിയുമ്പോൾ എപ്പോഴും സ്ക്രീൻ ലോക്ക് ചെയ്യണം. ഈ നടപടി ഫോണിന്റെയും ടാബ്ലെറ്റിന്റെയും കാര്യത്തിൽ പ്രധാനമാണ്, കാരണം, അവ അനുചിത സ്ഥാനങ്ങളിൽ വയ്ക്കാനും നിങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അറിയരുത് എന്ന് നിങ്ങൾ കരുതുന്ന വ്യക്തികളുടെ ശ്രദ്ധയിൽ പെടാനും ഇടയായേക്കാം; അതുപോലെ തന്നെ വീടുകളിലെ കമ്പ്യൂട്ടറുകൾ പലരും ഷെയർ ചെയ്യുന്നതാകയാൽ അതിന്റെയും സ്ക്രീൻ ഉപയോഗിച്ചു കഴിയുമ്പോൾ എപ്പോഴും ലോക്ക് ചെയ്യണം. കൂടുതലായ സുരക്ഷയ്ക്ക്, ഇത്തരം ഉപകരണങ്ങൾ ഉപയോഗം കഴിഞ്ഞാൽ തനിയെ ലോക്ക് ആകത്തക്കവണ്ണം സെറ്റു ചെയ്തിരിക്കണം.

• നിങ്ങളുടെ വീട്ടിലെ റൂട്ടർ ഒരു WPA2 പാസ്സ് വേർഡ് കൊ സംരക്ഷിക്കുക.

## സുരക്ഷിതമായ നെറ്റ്വർക്കുകൾ ഉപയോഗിക്കുക.

നിങ്ങളുടെ പ്രാദേശിക കഫെയിലെ സൗജന്യ വൈഫൈ പോലെയുള്ള, പരിചയമോ വിശ്വാസമോ ഇല്ലാത്ത ഒരു നെറ്റ്വർക്ക് ഉപയോഗിക്കുമ്പോൾ, പ്രത്യേകം ശ്രദ്ധിക്കണം. സേവനദാതാക്കൾ ആ നെറ്റ്വർക്കിലൂടെ നടക്കുന്ന എല്ലാ (പോക്കു വരവുകളും) ട്രാഫിക്കും നിരീക്ഷിക്കുന്നുകും; അതിൽ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങളും ഉായിരിക്കാം.

നിങ്ങൾ ഒരു പൊതു വൈഫൈയിലൂടെ കണക്ടു ചെയ്യുമ്പോൾ, നിങ്ങളുടെ കണക്ഷൻ എൻക്രിപ്റ്റ് ചെയ്തിട്ടില്ല എങ്കിൽ, ആ പരിസരത്തുള്ള ആർക്കു വേണമെങ്കിലും നിങ്ങളുടെ കമ്പ്യൂട്ടറും വൈഫൈ ഹോട്ട്സ്പോട്ടും തമ്മിൽ കൈമാറുന്ന വിവരങ്ങൾ നിരീക്ഷിക്കാൻ സാധിക്കും. ബാങ്കിങ്, ഷോപ്പിങ് മുതലായ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ പബ്ലിക്ക് നെറ്റ്വർക്കിലൂടെ നടത്താതിരിക്കുക.

നിങ്ങൾ വീട്ടിൽ വൈഫൈ ഉപയോഗിക്കുന്നു് എങ്കിൽ മറ്റാരും അത് ഉപയോഗിക്കാതവണ്ണം സുരക്ഷിതമാക്കുക. അതിന് ഒരു പ്രത്യേകമായ സുരക്ഷാ പാസ്സ്വേർഡ്, സാധാരണ പാസ്സ്വേർഡുകളെപ്പോലെ ദൈർഘ്യമുള്ളതും, അക്കങ്ങൾ, അക്ഷരങ്ങൾ, അടയാളങ്ങൾ എന്നിവയുടെ മിശ്രിതവുമായ, മറ്റാർക്കും ഊഹിച്ചെടുക്കാൻ സാധ്യമല്ലാത്ത ഒന്ന് ഉപയോഗിക്കുക. കൂടുതൽ ശക്തമായ സുരക്ഷയ്ക്ക്, WPA2 സെറ്റിങ് തിരഞ്ഞെടുക്കണം.

അവസാനമായി, ഒരു അധികമായ സുരക്ഷാതലത്തിന്, നിങ്ങളുടെ റൂട്ടറും ഒരു പാസ്സ്വേർഡു കൊ് സുരക്ഷിതമാക്കുക. റൂട്ടറിന്റെ ഡിഫോൾട്ട് പാസ്സ്വേർഡ്, ഒരുപക്ഷെ ക്രിമിനലുകൾക്ക് അറിഞ്ഞേക്കാമെന്നുള്ളതിനാൽ, അതിനു പകരം, നിങ്ങളുടെ ഇന്റർനെറ്റ് സേവന ദാതാവ് അല്ലെങ്കിൽ റൂട്ടർ നിർമ്മാതാവ് നൽകുന്ന നിർദ്ദേശങ്ങൾ റൂട്ടറിന്റെ പാസ്സ്വേർഡ് സെറ്റു ചെയ്യാൻ അനുവർത്തിക്കുക. ക്രിമിനലുകൾക്ക് നിങ്ങളുടെ റൂട്ടറിൽ അക്സസ്സ് ലഭിച്ചാൽ, അവർക്ക് നിങ്ങളുടെ സെറ്റിങ്സ് മാറ്റാനും നിങ്ങളുടെ ഓൺലൈൻ പ്രവർത്തനത്തെ ഒളിഞ്ഞു നോക്കാനും സാധിച്ചേക്കും.



• ഗൂഗിൾ അക്കൗകൾക്ക് രു പടി വെരിഫിക്കേഷൻ സെറ്റ് അപ്പ് ചെയ്യുക.

• ഷെയർ ചെയ്യുന്നതിന് മുമ്പ് സെറ്റിങ്സ് പരിശോധിക്കുക

## നിങ്ങളുടെ ഗൂഗിൾ സുരക്ഷയും പ്രൈവസി ടൂളും അറിയുക.

ഗൂഗിളിനോടു കൂടി നിങ്ങൾക്ക്, നിങ്ങളെ സുരക്ഷിതരും, നിങ്ങളുടെ വിവരങ്ങളുടെ സ്വകാര്യതയും സംരക്ഷണവും ഉറപ്പാക്കാൻ ധാരാളം ടൂളുകൾ ലഭ്യമാണ്. നിങ്ങൾക്കു വേ ഗൂഗിൾ നല്ലവണ്ണം പ്രവർത്തനക്ഷമമാക്കാൻ, ഏറ്റവും പ്രചാരമുള്ള ഞങ്ങളുടെ ടൂളുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

### രു പടി വെരിഫിക്കേഷൻ

നിങ്ങളുടെ ഗൂഗിൾ അക്കൗകൾക്ക് കൂടുതൽ ശക്തമായ സുരക്ഷ ലഭ്യമാക്കാൻ ഞങ്ങളുടെ ഉപയോക്താക്കൾക്ക് രു പടി വേരിഫിക്കേഷൻ വാഗ്ദാനം ചെയ്യുന്നു. അധികമായ സുരക്ഷാ വലയം നൽകുന്നത് ഒരു പാസ്സ്വേഡ് മാത്രം കൊല്ല, ഗൂഗിൾ അക്കൗിലേക്ക് സൈൻ ഇൻ ചെയ്യുന്നതിന് ഒരു വെരിഫിക്കേഷൻ കോഡ് കൂടെ നൽകിയിട്ടാണ്. നിങ്ങളുടെ ഫോണിലേക്ക് നൽകുന്ന ഒരു കോഡ് എന്റർ ചെയ്യാൻ ആവശ്യപ്പെടുകൊാണ്, രു പടി വേരിഫിക്കേഷൻ ഉറപ്പാക്കുന്നത് - ദൂരെ ഇരിക്കുന്ന ഒരു അക്രമിക്ക് നിങ്ങളുടെ പാസ്സ്വേഡും വെരിഫിക്കേഷൻ കോഡും ഓരേ സമയം കുപിടിക്കുക തികച്ചും ദുഷ്കരമായിരിക്കുമില്ലൊ.

### ഗൂഗിൾ അക്കൗ സെറ്റിങ്സ്

ഞങ്ങളുടെ അക്കൗ സെറ്റിങ്സ് പേജിൽ നിങ്ങളുടെ ഗൂഗിൾ അക്കൗനോട് ബന്ധപ്പെട്ട സേവനങ്ങളും വിവരങ്ങളും കാണാനും, സുരക്ഷ, പ്രൈവസി സെറ്റിങ്സ് എന്നിവ വ്യത്യാസപ്പെടുത്താനും കഴിയും.

### യുട്യൂബ് പ്രൈവസി സെറ്റിങ്സ്

നിങ്ങളുടെ യുട്യൂബ് വിഡിയോകൾ നിങ്ങളുടെ അടുത്ത സ്നേഹിതരുമായി ഷെയർ ചെയ്യാൻ ചിലപ്പോൾ നിങ്ങൾക്ക് ആവശ്യം വന്നേക്കാം. അല്ലെങ്കിൽ അവയെ സ്വകാര്യമായി സൂക്ഷിക്കാൻ താല്പര്യപ്പെട്ടേക്കാം. അപ്പോൾ നിങ്ങൾക്ക് വിഡിയോകളെ, അപ്ലോഡ് ചെയ്യുമ്പോൾ അവയെ "അൺലിസ്റ്റഡ്" (സേർച്ച് ഫലങ്ങളിൽ നിന്ന് മറഞ്ഞതും, എന്നാൽ ലിങ്ക് ഉള്ളവർക്ക് കാണാനാവുന്നതും) ആക്കാം; അല്ലെങ്കിൽ "പ്രൈവറ്റ്" (നിങ്ങൾക്കു മാത്രം കാണാൻ സാധിക്കുന്നത്) ആക്കാം.

## നിങ്ങളുടെ ഗൂഗിൾ സുരക്ഷയെയും പ്രൈവറ്റ് ടൂളുകളും അറിയുക.

### നിങ്ങളുടെ ഗൂഗിൾ അക്കൗൽ സംഭരിച്ചിരിക്കുന്ന ഡാറ്റ കൈകാര്യം ചെയ്യുന്നത്.

ഗൂഗിൾ ഡാഷ്ബോർഡ്, നിങ്ങളുടെ ഗൂഗിൾ അക്കൗൽ സംഭരിച്ചിരിക്കുന്ന കാര്യങ്ങളെയും, അതോടൊപ്പം, അടുത്തകാലത്ത് നിങ്ങൾ നടത്തിയ പ്രവർത്തനങ്ങളെ മൊത്തമായും ആണ് കാണിക്കുന്നത്. ഒരു കേന്ദ്രീകൃത സ്ഥാനത്തു നിന്നും നിങ്ങൾക്ക് സൗകര്യപ്രദമായി ഡാറ്റയും അടുത്തകാലത്തെ പ്രവർത്തനങ്ങളും കാണുകയും, ബ്ലോഗർ, ഗൂഗിൾ കലർ, ഗൂഗിൾ ഡോക്സ്, ഗൂഗിൾ+ അതുപോലെ ചിലതിനും വേ സെറ്റിങ്സിലേക്ക് പോകയും ചെയ്യാം.

### നിങ്ങളുടെ പരസ്യ മുൻഗണനകൾ കൈകാര്യം ചെയ്യുന്നത്

നിങ്ങൾക്ക് ഇഷ്ടമുള്ളതും ദിവസേന ഉപയോഗിക്കുന്നതുമായ പല ഓൺലൈൻ സേവനങ്ങളും സാമ്പത്തികമായി സാധ്യമാക്കുന്നത് പരസ്യങ്ങളാണ്. ഗൂഗിളിന്റെ പരസ്യ സെറ്റിങ്ങുകളിൽ നിന്നും നിങ്ങൾക്കു വേ പരസ്യങ്ങൾ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത് എന്നു മനസ്സിലാക്കുകയും, നിങ്ങളുടെ പരസ്യങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കുന്ന വിവരങ്ങളെ നിയന്ത്രിക്കയും, കൂടാതെ പ്രത്യേകമായ പരസ്യദാതാക്കളെ തടയുകയും ചെയ്യാം.

### നിങ്ങൾ ഷെയർ ചെയ്യുന്ന കാര്യങ്ങൾ ആരൊക്കെ കാണുന്നു എന്നത് നിയന്ത്രിക്കുന്നത്

ഗൂഗിൾ+ വൃത്തങ്ങൾ നിങ്ങളുടെ സ്നേഹിതരെയും പരിചയക്കാരെയും കൈകാര്യം ചെയ്യാൻ നിങ്ങളെ സഹായിക്കുന്നു. നിങ്ങളുടെ സ്നേഹിതരെ ഒരു വൃത്തത്തിൽ ഉൾപ്പെടുത്താം, നിങ്ങളുടെ കുടുംബത്തെ മറ്റൊരു വൃത്തത്തിൽ ആക്കാം, നിങ്ങളുടെ മേലധികാരിയെ ഒറ്റയ്ക്ക് ഒരു വൃത്തത്തിൽ ആക്കുകയും ചെയ്യാം – ഇതെല്ലാം യഥാർത്ഥ ജീവിതത്തിൽ എന്നതുപോലെ. പിന്നീട് നിങ്ങൾക്ക് ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ, അതായത് ഗൂഗിൾ+ പോസ്റ്റുകൾ, യുട്യൂബ് വിഡിയോകൾ, അല്ലെങ്കിൽ ഗൂഗിൾ പ്രാദേശിക പരസ്യങ്ങളുടെ പട്ടികകൾ മുതലായവ നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോൾ ശരിയായ ആളുകളുമായി ഷെയർ ചെയ്യുകയും ആകാം.

## നിങ്ങളുടെ കുടുംബത്തിന് യോജിക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ തിരഞ്ഞെടുക്കുക

അനിസ്ഥാന പ്രവർത്തനങ്ങൾ നടത്തുക. ഒരു മാതാവ്/പിതാവ്, അല്ലെങ്കിൽ രക്ഷകർത്താവ്, എന്ന നിലയിൽ നിങ്ങളുടെ കുടുംബത്തിന് എന്താണ് ഏറ്റവും യോജിച്ചത് എന്നും, നിങ്ങളുടെ കുട്ടികൾ ഏറ്റവും നല്ലതുപോലെ പഠിക്കുന്നത് എങ്ങനെയാണെന്നും നിങ്ങൾക്ക് അറിയാം. എല്ലായ്പ്പോഴും മാറിക്കൊരിക്കുന്ന ഓൺലൈൻ ലോകത്തെ, പുതിയ സാങ്കേതികതകൾ, ഉപകരണങ്ങൾ, സേവനങ്ങൾ എന്നിവയിലൂടെ പരതാൻ നിങ്ങൾക്ക് പ്രായോഗികമായ ഉപദേശം വേവരും. അതുകൊണ്ട് ഞങ്ങൾ സുരക്ഷാ വിദഗ്ദ്ധർ, മാതാപിതാക്കൾ, അദ്ധ്യാപകർ, ലോകത്താകമാനമുള്ള സമൂഹങ്ങൾ എന്നിവരുമായി, ഏറ്റവും ഫലപ്രദമായ പ്രായോഗിക മർഗ്ഗം ഏതാണെന്നറിയാൻ, നിരന്തര സംവാദത്തിൽ ഏർപ്പെടുന്നത്. നമുക്കൊരുമിച്ച് ഉത്തരവാദബോധമുള്ള ഡിജിറ്റൽ പൗരന്മാരുടെ സമൂഹത്തെ വളർത്തിയെടുക്കാൻ സാധിക്കും.



## കുടുംബ സുരക്ഷയുടെ അടിസ്ഥാനങ്ങൾ

ജോലിത്തിരക്കുള്ള മാതാപിതാക്കൾക്ക്, ഇതാ, നിങ്ങളുടെ കുടുംബത്തെ ഓൺലൈനിൽ എങ്ങനെ സംരക്ഷിക്കാം എന്നതിന് ചില എളുപ്പമായ നിർദ്ദേശങ്ങൾ:

### 1 നിങ്ങളുടെ കുടുംബവുമായി ഓൺലൈൻ സുരക്ഷയെക്കുറിച്ച് സംസാരിക്കുക.

സാങ്കേതികത സംബന്ധിച്ച് നിങ്ങളുടെ കുടുംബത്തിലെ നിയമാവലിയും പ്രതീക്ഷകളും, അനുചിതമായ ഉപയോഗത്തിന്റെ പ്രത്യാഘാതങ്ങളും വ്യക്തമായി ധരിച്ചിരിക്കണം. കഠിനമായ തിരുമാനങ്ങളെ നേരിടുമ്പോൾ, മാർഗ്ഗ നിർദ്ദേശങ്ങൾക്കു വേി ചോദിക്കാൻ നിങ്ങളുടെ കുടുംബാംഗങ്ങൾ മടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക. ഇത്തരം ചർച്ചകൾ അവർ തനിയെ ഇന്റർനെറ്റിൽ പരതുമ്പോൾ സുരക്ഷിതരായി വർത്തിക്കാനും അവരുടെ ചോദ്യങ്ങൾ ആരോട് - നിങ്ങളോട് - ചോദിക്കണം എന്ന് അറിയാനും സഹായകമാകും.

### 2 സാങ്കേതികതകൾ ഒത്തുചേർന്ന് ഉപയോഗിക്കുക.

ഓൺലൈൻ സുരക്ഷ പഠിപ്പിക്കുന്നത് ഒരു നല്ല രീതിയാണ്; അത് നിങ്ങളുടെ കുടുംബാംഗങ്ങളെ ഓൺലൈൻ സുരക്ഷാ പ്രശ്നങ്ങൾ, ഉാകുമ്പോൾ, അഭിമുഖീകരിക്കുന്നതിന് അഭ്യസിപ്പിക്കാൻ അവസരം നൽകുന്നു.

### 3 ഓൺലൈൻ സേവനങ്ങളെയും സൈറ്റുകളെയും കുറിച്ച് ചർച്ച ചെയ്യുക.

ഏതു തരം സൈറ്റുകളാണ് അവർ സന്ദർശിക്കാൻ ഇഷ്ടപ്പെടുന്നത് എന്നും, ഏതാണ് ഓരോ കുടുംബാംഗത്തിനും അനുയോജ്യം എന്നും നിങ്ങളുടെ കുടുംബാംഗങ്ങളുമായി സംസാരിക്കുക.

### 4 പാസ്സ്വേർഡുകൾ സംരക്ഷിക്കുക.

നിങ്ങളുടെ കുടുംബത്തെ ഓൺലൈനിൽ സുരക്ഷിതമായ പാസ്സ്വേർഡുകൾ സെറ്റു ചെയ്യാൻ പഠിക്കാൻ സഹായിക്കണം. തങ്ങളുടെ പാസ്സ്വേഡുകൾ, മാതാപിതാക്കളെപ്പോലെ വിശ്വസിക്കാവുന്ന മുതിർന്നവർക്കല്ലാതെ, മറ്റാർക്കും വെളിപ്പെടുത്തരുത് എന്ന് നിങ്ങളുടെ കുടുംബത്തെ ഓർപ്പിക്കണം. സ്കൂൾ, കഫെ, ലൈബ്രറി മുതലായ പൊതുസ്ഥലങ്ങളിലെ കമ്പ്യൂട്ടറുകളിൽ പ്രവർത്തിച്ച് കഴിഞ്ഞ് ഓൺലൈനിൽ സൈൻ ഔട്ട് ചെയ്യുന്നത് അവർ ശീലമാക്കുന്നു എന്ന് ഉറപ്പു വരുത്തണം.



### 5 പ്രൈവസി സെറ്റിങ്സും ഷെയറിങ് കൺട്രോളുകളും ഉപയോഗിക്കുക.

ധാരാളം സൈറ്റുകൾ ചിന്തകളും, ഫോട്ടോകളും, വിഡിയോകളും, സ്റ്റാറ്റസ് അപ്ഡേറ്റുകളും ഷെയർ ചെയ്യാൻ ലഭ്യമാണ്. ഇവയിൽ പലതും നിങ്ങളുടെ ഉള്ളടക്കം പോസ്റ്റു ചെയ്യുന്നതിനു മുമ്പ് ആരെല്ലാം അത് കാണണം എന്ന് തീരുമാനിക്കാൻ നിങ്ങളെ സഹായിക്കുന്ന പ്രൈവസി സെറ്റിങ്സ്, നിയന്ത്രണം എന്നിവ വാഗ്ദാനം ചെയ്യുന്നുമു്. നിങ്ങളുടെ കുടുംബവുമായി, അവർ എന്തൊക്കെ പബ്ലിക്ക് ആയി ഷെയർ ചെയ്യണം എന്നതിനെക്കുറിച്ച് സംസാരിക്കുക. മറ്റുള്ളവരുടെ സ്വകാര്യതയെ ബഹുമാനിക്കാൻ അവരെ സഹായിക്കുക, അതിന് കുടുംബത്തെയും, സ്വകാര്യ സ്നേഹിതരെയും സംബന്ധിച്ച വ്യക്തിപരമായ വിവരങ്ങൾ രഹസ്യമായി വയ്ക്കണം; അതിനാൽ പബ്ലിക് ആയി ഷെയർ ചെയ്യുന്ന ഉള്ളടക്കങ്ങളിൽ ആളുകളെ പേരുകൊ് തിരിച്ചറിയാൻ ഇടയാക്കരുത്.

### 6 പ്രായം സംബന്ധിച്ച പരിമിതികൾ പരിശോധിക്കുക.

ധാരാളം ഓൺലൈൻ സേവനങ്ങൾ - ഗൂഗിൾ ഉൾപ്പടെ - തങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്നതിന് പ്രായപരിധി നിർണ്ണയിച്ചിട്ടു്. ഉദാഹരണമായി, ഒരു ഗൂഗിൾ അക്കൗ സ്വന്തമായി ഉാക്കുന്നതിന് പ്രായപരിധി ഉ്, ചില ഗൂഗിൾ ഉല്പന്നങ്ങൾ 18 വയസും അതിനു മുകളിലും പ്രായമുള്ളവർക്കു മാത്രമുള്ളതാണ്. എല്ലായ്പ്പോഴും ഒരു വെബ്സൈറ്റിന്റെ ഉപയോക്താക്കൾക്കുള്ള വ്യവസ്ഥകൾ, നിങ്ങളുടെ കുട്ടികളെ അവയിൽ സൈൻ അപ്പ് ചെയ്യാൻ അനുവദിക്കുന്നതിനു മുമ്പ് പരിശോധിക്കണം; അതുപോലെ അവർക്ക് ഉപയോഗിക്കാവുന്ന സൈറ്റുകളും സേവനങ്ങളും സംബന്ധിച്ച നിങ്ങളുടെ കുടുംബ നിയമാവലിയും വ്യക്തമായി അിറഞ്ഞിരിക്കണം.

### 7 ഉത്തരവാദപൂർണ്ണമായി ആശയവിനിമയം നടത്താൻ നിങ്ങളുടെ കുടുംബത്തെ അഭ്യസിപ്പിക്കുക..

ഇതാ, ഇവിടെ ഒരു നല്ല തംബ് റൂൾ: നിങ്ങൾ നേരെ ഒരാളുടെ മുഖത്തു നോക്കി പറയാൻ മടിക്കുന്ന കാര്യങ്ങൾ എഴുതുക, ഇമെയിൽ ചെയ്യുക, ഇൻസ്റ്റന്റ് മെസ്സേജ് ചെയ്യുക എന്നിവ മറ്റൊരാളുടെ പേജിൽ കമന്റായി ചേർക്കാൻ പാടില്ല. നിങ്ങൾ ഓൺലൈനിൽ പറയുന്ന കാര്യങ്ങൾ മറ്റുള്ളവരെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് സംസാരിക്കയും, ഏറ്റവും സ്വീകാര്യമായ വിനിമയ രീതിയെക്കുറിച്ച് കുടുംബ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കയും വേണം.

### 8 മറ്റ് മുതിർന്നവരോടും വിദഗ്ദ്ധരോടും സംസാരിക്കുക.

നിങ്ങളുടെ സ്നേഹിതർ, ബൃഹത്തായ കുടുംബം, അദ്ധ്യാപകർ, പരിശീലകർ, ഉപദേശകർ എന്നിവരുമായി സംസാരിച്ചു തുടങ്ങുക. നിങ്ങൾ പരിചയം കുറവുള്ള ഒരു സാങ്കേതികവിദ്യയുമായാണ് ഇടപെടുന്നത് എങ്കിൽ, മറ്റു കുടുംബത്തിലെ മാതാപിതാക്കൾ, കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന പ്രൊഫഷനലുകൾ മുതലായവർക്ക് നിങ്ങളുടെ കുടുംബത്തിന് നല്ലത് എന്തെന്ന് കാട്ടിത്തരുവാൻ സാധിക്കും.

### 9 നിങ്ങളുടെ കമ്പ്യൂട്ടറിനെയും വ്യക്തിത്വത്തെയും സംരക്ഷിക്കുക.

നിങ്ങൾ ക്രോംബുക്ക് അല്ല ഉപയോഗിക്കുന്നത് എങ്കിൽ, ആന്റി-വൈറസ് സോഫ്റ്റ് വെയർ ഉപയോഗിക്കുകയും ക്രമമായി അപ്ഡേറ്റ് ചെയ്യുകയും വേണം; ക്രോം ബുക്കിന് ആന്റി-വൈറസ് സോഫ്റ്റ് വെയർ ആവശ്യമില്ല. ഓൺലൈനിൽ പോസ്റ്റ് ചെയ്യാൻ പാടില്ലാത്ത വിവരങ്ങൾ, അതായത് സോഷ്യൽ സെക്യൂരിറ്റി നമ്പർ, ഫോൺ നമ്പർ, വീട് മേൽവിലാസം മുതലായ വ്യക്തിപരമായ വിവരങ്ങളെക്കുറിച്ച് നിങ്ങളുടെ കുടുംബവുമായി സംസാരിക്കുക. പരിചയം ഇല്ലാത്തവരിൽ നിന്നുള്ള ഒരു ഫയലുകളും, ഇമെയിൽ അറ്റാച്ച്മെന്റുകളും തുറക്കരുത് എന്ന് നിങ്ങളുടെ കുടുംബത്തെ പഠിപ്പിക്കുക.

### 10 തുടരാൻ അനുവദിക്കുക.

ഒരിക്കൽ മാത്രമായി ചെയ്യേ കാര്യമല്ല സുരക്ഷിതമായിരിക്ക എന്നത് - സാങ്കേതികത വളർന്നുകൊിരിക്കയാണ്, അതോടൊപ്പം നിങ്ങളുടെ കുടുംബത്തിന്റെ ആവശ്യങ്ങളും വളരുന്നു. നിങ്ങളും ഈ തുടർപ്രക്രിയയിൽ ഭാഗമാകുന്നു എന്ന് ഉറപ്പാക്കുക. നിങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാന നിയമങ്ങൾ പുനർനിർവ്വചിക്കുക; ഓരോരുത്തരുടെയും പുരോഗതി പരിശോധിക്കുക, കൃത്യമായ ഇടവേളകളിൽ സംസാരിക്കുന്നതിന് സമയം വേർതിരിക്കുക. മാതാപിതാക്കളിൽ നിന്നും ലഭിച്ചിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന പൊടിക്കൈകൾ, സാധാരണ മാതാപിതാക്കളെ വ്യാകുലപ്പെടുത്തുന്ന പ്രശ്നങ്ങളിലേക്ക് വിരൽ ചൂുന്നു.

## ലളിതമായി ഉപയോഗിക്കാവുന്ന സുരക്ഷാ ടൂളുകളെക്കുറിച്ച് പഠിക്കുക.

നിങ്ങളുടെ കുടുംബം ഓൺലൈനായി എന്തുകാണണം എന്നത് നിയന്ത്രിക്കാൻ സഹായിക്കുന്നതിന് ഗൂഗിൾ രൂപകല്പന ചെയ്തിട്ടുള്ള സേഫ്റ്റി ഫീച്ചേഴ്സ്.

നിങ്ങളുടെ കുടുംബത്തിന്റെ ഓൺലൈനിലെ സൽപ്പേര് നിരീക്ഷിക്കാൻ സഹായിക്കുന്നതിന് രൂപകല്പന ചെയ്ത ഗൂഗിൾ സെയ്ഫ്റ്റി ടൂൾസ് കാണുക.

### സേർച്ചിൽ നിന്നും കുടുംബത്തിന് യോജിച്ച ഫലങ്ങൾ ലഭിക്കുക.

ഗൂഗിൾ സെയ്ഫ്സേർച്ച് എനേബിൾ ചെയ്യുന്നതുകൊ് നിങ്ങളും നിങ്ങളുടെ കുടുംബവും ഒഴിവാക്കാൻ ആഗ്രഹിക്കുന്ന മുതിർന്നവർക്കുള്ള ഉള്ളടക്കം അരിച്ചു കളയാൻ സാധിക്കും. അരുതാത്ത ഒരു ഫലം ഒളിച്ചു കടന്നാൽ നിങ്ങൾക്ക് ആ കാര്യം ഗൂഗിളിന് റിപ്പോർട്ടു ചെയ്യാം. ഞങ്ങളുടെ അരിപ്പു സംവിധാനം മെച്ചപ്പെടുത്താൻ നിരന്തരം ഞങ്ങൾ അധ്വാനിച്ചു വരികയാണ്. ഇത്തരം റിപ്പോർട്ടുകൾ സെയ്ഫ് സേർച്ചിനെ എല്ലാവർക്കും വേി മെച്ചപ്പെടുത്താൻ സഹായിക്കും.

### അനുയോജ്യമല്ലാത്ത ഉള്ളടക്കത്തെ പുറത്തു നിർത്താൻ ഒരു ഫിൽട്ടർ സെറ്റു ചെയ്യുക.

നിങ്ങൾക്ക് മുതിർന്നവർക്കുള്ളതോ, പ്രായപരിധി അനുവദിക്കാത്തതോ ആയ ഉള്ളടക്കത്തെ യുട്യൂബ് ബ്രൗസ് ചെയ്യുമ്പോൾ കാണരുത് എന്നുങ്കിൽ, യുട്യൂബ് പേജിന്റെ താഴെ അറ്റത്തേക്ക് സ്ക്രോൾ ചെയ്ത് സെയ്ഫ്റ്റി മോഡ് എനേബിൾ ചെയ്യുക. നിങ്ങളുടെ സേർച്ച്, ബന്ധപ്പെട്ട വിഡിയോ, പ്ലേലിസ്റ്റ്, ഷോകൾ, ഫിലിമുകൾ എന്നിവയിൽ നിന്നും എതിർക്കപ്പെടാവുന്ന ഉള്ളടക്കത്തെ സെയ്ഫ്റ്റി മോഡ് അരിച്ചു നീക്കും.

### ഷെയർഡ് ക്രോം ബുക്കുകളിൽ, ഉപയോക്താക്കളുടെ മേൽനോട്ടം നടത്തുക.

നിങ്ങളുടെ കുടുംബത്തിന്റെ വെബ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്താൻ നിങ്ങൾക്ക് എപ്പോഴും സാധ്യമല്ലല്ലോ. നിങ്ങൾ അവരോടൊപ്പം മുറിയിൽ ഇല്ലാത്ത സമയങ്ങളിൽ, ഗൂഗിൾ ക്രോം-ൽ സൂപ്പർവൈസ്ഡ് യൂസർ ഉ.

ഈ സൗകര്യം എനേബിൾ ചെയ്യുമ്പോൾ, നിങ്ങൾക്ക് ഉപയോക്താവ് സന്ദർശിച്ച പേജുകളുടെ ഒരു ചരിത്ര അവലോകനം നടത്താം; അവയെ അനുവദിക്കയോ തടയുകയോ ചെയ്യാം. അപ്രകാരം നിങ്ങളുടെ കുടുംബാംഗത്തിന് കാണാവുന്ന വെബ്സൈറ്റുകളെ നിയന്ത്രിക്കാം.

### അംഗീകൃത ആപ്ലിക്കേഷനുകൾ, ഗെയിമുകൾ എന്നിവയ്ക്കായി അക്സസ്സ് അനുവദിക്കുക.

എല്ലാ ഉള്ളടക്കവും അനുവദിക്കാതെ, നിങ്ങളുടെ ടാബ്ലെറ്റ് ഷെയർ ചെയ്യണമോ? ആൻഡ്രോയിഡ് ടാബ്ലെറ്റുകളിൽ 4.3-യോ, മുകളിലത്തെയോ വേർഷനുകളാണ് ഓടുന്നത് എങ്കിൽ, നിങ്ങളുടെ ടാബ്ലെറ്റിലെ ഫീച്ചറുകളും ഉള്ളടക്കവും അക്സസ്സ് ചെയ്യാനുള്ള സ്വാതന്ത്ര്യം മറ്റ് ഉപയോക്താക്കൾക്ക് അനുവദിക്കാവുന്ന ചുരുങ്ങിയ പരിധികൾ ഉള്ള പ്രൊഫൈലുകൾ നിങ്ങൾക്ക് ഉാക്കാം.

### പ്രായത്തിന് യോജിച്ച ആപ്പ്-കൾ തിരഞ്ഞെടുക്കാൻ ആപ്പ് റേറ്റിങ്സ് ഉപയോഗിക്കുക.

സിനിമകളിൽ എന്നപോലെ, എല്ലാവർക്കും, കുറഞ്ഞ പ്രായക്കാർക്ക്, കുറച്ചു മുതിർന്നവർക്ക്, തികച്ചും മുതിർന്നവർക്ക് എന്നിങ്ങനെയുള്ള റേറ്റിങ്സ് നോക്കിക്കൊ്, നിങ്ങളുടെ കുടുംബത്തിന് യോജിച്ച ആപ്പ് എതാണെന്ന് നിങ്ങൾക്ക് തീരുമാനിക്കാം. ആപ്പുകളെ ലെവൽ അനുസരിച്ച് ഫിൽട്ടർ ചെയ്യാം, ഫിൽട്ടറിങ് ലെവൽ ഒരു ലളിതമായ പിൻ കോഡ് ഉപയോഗിച്ച് പൂട്ടി വയ്ക്കാം; മറ്റ് ആരെങ്കിലും അറിഞ്ഞുകൊല്ലാതെ ഫിൽട്ടർ ഡിസേബിൾ ചെയ്യാതിരിക്കാൻ സഹായിക്കും.

### ആവശ്യമല്ലാത്ത കമന്റുകളും ടാഗുകളും നിർത്തുക.

നിങ്ങൾക്ക് ഒരു വ്യക്തിയുടെ പോസ്റ്റുകൾ ഗൂഗിൾ+-ൽ കാണാൻ താല്പര്യം ഇല്ല എങ്കിൽ, നിങ്ങൾക്ക് അവരുടെ പ്രൊഫൈലിൽ പോയി റിപ്പോർട്ട്/ബ്ലോക്ക് (വ്യക്തിയുടെ പേര്) എന്നത് സെലക്ട് ചെയ്ത് അവരെ ബ്ലോക്ക് ചെയ്യാം. നിങ്ങൾക്ക് പ്രത്യേകമായ പോസ്റ്റുകൾ നിങ്ങളുടെ സ്ട്രീമിൽ മേലിൽ കാണാതിരിക്കാൻ, അവയെ മ്യൂട്ട് (നിശബ്ദം) ആക്കാം.

### നിങ്ങളുടെ വിഡിയോകളെക്കുറിച്ചുള്ള ചാറ്റർ നിയന്ത്രിക്കാം.

നിങ്ങളുടെ യുട്യൂബ് ചാനൽ മേൽ ഉാകുന്ന കമന്റുകൾ മിതത്വമുള്ളതാക്കുന്നത് ലളിതമാണ്. ചില വ്യക്തികളിൽ നിന്നോ, ചില പ്രത്യേക പദങ്ങൾ ഉപയോഗിച്ചുള്ളതോ ആയി ഉാകുന്ന കമന്റുകൾ നിങ്ങൾക്ക് ഡിലീറ്റ് ചെയ്കയോ, തടഞ്ഞു വയ്ക്കുകയോ, നിങ്ങൾ കാണുന്നതിനു മുമ്പ് പ്രസിദ്ധീകരിക്കുന്നതിനെ തടയുകയോ ചെയ്യാം.

### ആക്രമിക്കുന്ന തരം യുട്യൂബ് ഉപയോക്താക്കളെ തടയുക.

ഒരു വ്യക്തി, നിങ്ങളുടെ വിഡിയോയിലോ, ചാനലിലോ നിങ്ങൾക്ക് അനിഷ്ടമായ കമന്റുകൾ ഉാക്കിയാൽ നിങ്ങൾക്ക് അവരെ യുട്യൂബിൽ തടയാം. നിങ്ങളുടെ ഉള്ളടക്കത്തിനുമേൽ അവർക്ക് മേലിൽ കമന്റു ചെയ്കയോ, നിങ്ങൾക്ക് സ്വകാര്യമായ സന്ദേശം അയയ്ക്കുകയോ ചെയ്യാൻ സാധ്യമല്ല.

### നിങ്ങളുടെ ഉപകരണത്തിൽ നിന്നും ഒളിഞ്ഞു നോട്ടക്കാരെ അകറ്റുക.

നിങ്ങളുടെ അക്കൗിനെ സുരക്ഷിതമാക്കുക എന്നതിന് നിങ്ങളുടെ സ്ക്രീൻ പൂട്ടുക എന്നു മാത്രമല്ല, നിങ്ങളുടെ ഫോൺ വെളിയിൽ വയ്ക്കാൻ ഇടയായാൽ മറ്റാരും അത് അനാവശ്യമായി എടുത്തു നോക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക എന്നും കൂടെയാണ് അർത്ഥം. നിങ്ങൾക്ക് ഫോണിന്റെ അല്ലെങ്കിൽ ടാബ്ലെറ്റിന്റെ സ്ക്രീൻ പൂട്ടാനായി ഒരു പിൻ, പാസ്സ്വേഡ്, അല്ലെങ്കിൽ പാറ്റേൺ തിരഞ്ഞെടുക്കാം

### അനിഷ്ടം ഉാക്കുന്ന ഉള്ളടക്കം റിപ്പോർട്ടു ചെയ്യാം.

ആരെങ്കിലും അയോഗ്യമായ ഒരു കമന്റ് അല്ലെങ്കിൽ പോസ്റ്റ് ഗൂഗിൾ+-ൽ, യു ട്യൂബിൽ അല്ലെങ്കിൽ ബ്ലോഗറിൽ ഉാക്കിയാൽ, നിങ്ങൾക്ക് അത് റിപ്പോർട്ടു ചെയ്യാം. ഉള്ളടക്കം സംബന്ധിച്ച് ഗൂഗിളിന് എന്താണ് വെബ്സൈറ്റിൽ യോഗ്യവും അയോഗ്യവും ആയ പ്രവർത്തി എന്ന കാര്യത്തിൽ വ്യക്തമായ പോളിസി ഉ്. ഇതിനു വിപരീതമായ ഉള്ളടക്കമോ, പെരുമാറ്റമോ എന്തെങ്കിലും നിങ്ങൾ കാൽ, നിങ്ങൾക്ക് അത് പുനഃപരിശോധനയ്ക്കായി ഫ്ളാഗ് ചെയ്യാം. ഫ്ളാഗ് ചെയ്യപ്പെട്ട ഉള്ളടക്കം ഞങ്ങൾ ദിവസം മുഴുവനും നിരീക്ഷണ ബുദ്ധ്യാ പരിശോധിക്കയും, ഞങ്ങളുടെ പോളിസിക്ക് വിപരീതമായ ഉള്ളടക്കം നീക്കം ചെയ്യുകയും, അങ്ങനെ പ്രവർത്തിക്കുന്നവരുടെ അക്കൗുകൾ നിയന്ത്രിക്കയോ, ഷട്ട് ഡൗൺ ആക്കുകയോ ചെയ്യും

## നിങ്ങളെ സംരക്ഷിക്കാൻ ഗൂഗിൾ എങ്ങനെ സഹായിക്കുന്നു.

ഇന്റർനെറ്റ് ഒരു മഹത്തായ കാര്യമാണ്. എന്നാൽ ഓഫ്‌ലൈൻ ലോകത്തിൽ എന്നതുപോലെ, ഓൺലൈനിലും എല്ലാവരും നല്ല ഉദ്ദേശ്യങ്ങൾ മാത്രം ഉള്ളവരല്ല. ഗൂഗിൾ നിങ്ങളുടെ സ്വകാര്യതയും സുരക്ഷയും ഗൗരവമായി കണക്കാക്കുന്നു. ഞങ്ങൾ ദശലക്ഷക്കണക്കു ഡോളറുകൾ ഓരോ വർഷവും ചെലവാക്കി, ഡാറ്റാ സുരക്ഷയിൽ ലോക പ്രസിദ്ധരായ വിദഗ്ദ്ധരെ നിയമിച്ച് നിങ്ങളുടെ വിവരങ്ങളെ സംരക്ഷിക്കുന്നു. അവരുടെ ശ്രദ്ധ നിങ്ങളെയും നിങ്ങളുടെ ഡാറ്റായെയും സുരക്ഷിതവും ഭദ്രവുമായി സൂക്ഷിക്കുന്നതിലാണ്; അവർ സൈബർ ക്രിമിനലുകളെക്കാൾ എപ്പോഴും ഒരു പടി മുമ്പിൽ ആണ്.

നിങ്ങളെ സ്വത്വ മോഷണം, വ്യക്തിപരമായ തട്ടിപ്പ്, ഓൺലൈൻ ചതിക്കുഴികൾ എന്നിവയിൽ നിന്നു രക്ഷിക്കാൻ ഗൂഗിൾ കഠിനാദ്ധ്വാനം ചെയ്യുന്നു; അതുപോലെ, നിങ്ങളുടെ കമ്പ്യൂട്ടറിനെ സംരക്ഷിക്കുക, ഇന്റർനെറ്റിനെ ഒരു സുരക്ഷിത സ്ഥാനമാക്കുക എന്നിവയ്ക്ക് നിങ്ങളെ സഹായിക്കാനും ഗൂഗിൾ അദ്ധ്വാനിക്കുന്നു. ഞങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ഓൺലൈനിൽ സുരക്ഷിതരായി സൂക്ഷിക്കാൻ ആവശ്യമായ ടൂളുകളും അറിവും നൽകുന്നു. നിങ്ങൾക്കു വേ സേവനം മെച്ചപ്പെടുത്താൻ സദാ സമയവും പണം മുടക്കുകയും പടവെട്ടുകയും ചെയ്തു കൊിരിക്കുന്നു.



### സ്വത്വ മോഷണത്തിന് എതിരെ പടവെട്ടാൻ ഞങ്ങൾ സഹായിക്കുന്നു.

ഓൺലൈനിൽ നിങ്ങൾക്ക് സംഭവിക്കാവുന്ന സ്വത്വ മോഷണത്തിനെതിരെ നിങ്ങളെ സംരക്ഷിക്കാൻ ഗൂഗിൾ വിവിധങ്ങളായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നു; അപ്രകാരം നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടുകൾ എപ്പോഴും സുരക്ഷിതവും ഭദ്രവും ആയി തുടരുന്നു എന്ന് ഉറപ്പു വരുത്തുന്നു.

### രു-പടി വെരിഫിക്കേഷൻ

നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടുകൾക്ക് സാധാരണയിൽ കൂടുതലായ സുരക്ഷാലെവൽ ലഭ്യമാക്കുന്നതിന്, ഉപയോക്താക്കൾക്ക് ഞങ്ങൾ രു-പടി വെരിഫിക്കേഷൻ വാഗ്ദാനം ചെയ്യുന്നു. പാസ്സ്‌വേഡിനോടൊപ്പം ഒരു വെരിഫിക്കേഷൻ കോഡ് കൂടെ ഗൂഗിൾ അക്കൗണ്ടുകളിലേക്ക് സൈൻ ഇൻ ചെയ്യുന്നതിന് ആവശ്യമാക്കുന്നതിനാൽ, പാസ്സ്‌വേഡ് മാത്രം നൽകുന്നതിൽ അധികമായ ഒരു സംരക്ഷണ വലയം, ഈ ടൂൾ ഗൂഗിൾ അക്കൗണ്ടുകൾക്ക് നൽകുന്നു. നിങ്ങളുടെ ഫോണിലേക്ക് നൽകുന്ന ഒരു കോഡ് കൂടെ എന്റർ ചെയ്യാൻ ആവശ്യപ്പെടുന്നതിനാൽ, നിങ്ങൾ തന്നെയാണ് അക്കൗ അക്സസ്സ് ചെയ്യാൻ ശ്രമിക്കുന്നത് എന്ന് ഈ രു-പടിയായ വെരിഫിക്കേഷൻ ഉറപ്പാക്കുന്നു - നിങ്ങുടെ പാസ്സ്‌വേർഡ്, വെരിഫിക്കേഷൻ കോഡ് ഇവ രും ദൂരത്തിരിക്കുന്ന, ആക്രമിക്കാൻ ശ്രമിക്കുന്ന, ആളിന് ലഭിക്കുക എന്നത് മിക്കവാറും അസാദ്ധ്യമായ കാര്യമാണല്ലോ.

### എൻക്രിപ്ഷൻ

നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങളെ, അതിക്രമിച്ച് കടന്നുകയറാൻ ശ്രമിക്കുന്നവർ, ഒളിഞ്ഞു നോട്ടക്കാർ എന്നിവരിൽ നിന്നും സംരക്ഷിക്കാൻ ഗൂഗിൾ വിവിധങ്ങളായ നടപടികൾ ആവിഷ്കരിച്ചിട്ടു്. നിങ്ങളുടെ കമ്പ്യൂട്ടറും ഗൂഗിളുമായുള്ള ജിമെയിൽ കണക്ഷൻ, ഞങ്ങൾ ഡിഫോൾട്ടായി എൻക്രിപ്റ്റ് ചെയ്തിരിക്കും; ഇതുമൂലം ഒളിഞ്ഞു നോട്ടക്കാരിൽ നിന്നും നിങ്ങളുടെ ഗൂഗിൾ അക്കൗിലെ പ്രവർത്തനങ്ങൾ സുരക്ഷിതമായിരിക്കും. സെഷൻ-വൈഡ് എസ്സ്.എസ്സ്.എൽ. എൻക്രിപ്ഷൻ എന്ന് ഞങ്ങൾ പറയുന്ന ഈ സംരക്ഷണത്തെ, നിങ്ങൾ ഗൂഗിൾ ഡ്രൈവിലേക്കോ മറ്റ് ഗൂഗിൾ സേവനങ്ങളിലേക്കോ സൈൻ ഇൻ ചെയ്യുമ്പോൾ തന്നെ ഡിഫോൾട്ട് ആയി പ്രവർത്തനക്ഷമം ആക്കുന്നു.

## നിങ്ങളുടെ കമ്പ്യൂട്ടറും ഉപകരണങ്ങളും ശുദ്ധമാക്കി സൂക്ഷിക്കാൻ നിങ്ങളെ സഹായിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നു.

നിങ്ങളുടെ കമ്പ്യൂട്ടറിനെ മാൽവെയർ (കമ്പ്യൂട്ടർ പ്രോഗ്രാമിനെ നശിപ്പിക്കുന്ന തരം പ്രോഗ്രാമുകൾ) -ൽ നിന്നും സംരക്ഷിക്കാൻ സഹായിക്കാൻ നിങ്ങൾക്ക് കഴിയും; എന്നാൽ ഗൂഗിളും ഇതിനായി കഠിനമായി പരിശ്രമിക്കുന്നു. നിങ്ങളുടെ ഡാറ്റയും ഉപകരണങ്ങളും സുരക്ഷിതമായിരിക്കുന്നു എന്ന് ഉറപ്പാക്കാൻ സഹായിക്കാനായി, രാപകൽ ഭേദമില്ലാതെ നിരന്തരം പ്രവർത്തിക്കുന്ന നൂറു കണക്കിന് വിദഗ്ദ്ധർ ഞങ്ങൾക്ക് ഉ.

## മാൽവെയറിനെ ഒഴിവാക്കാൻ നിങ്ങളെ സഹായിക്കുന്നത്

നിങ്ങളുടെ ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരങ്ങൾക്കായി ഗൂഗിൾ പരതുമ്പോൾ, ലഭിക്കുന്ന സൈറ്റുകളിൽ ഉപദ്രവകരമായ മാൽവെയർ അതോടൊപ്പം ഉടെ എന്നുകൂടെ ഗൂഗിൾ പരിശോധിക്കും. ഓരോ ദിവസവും ഞങ്ങൾ 10,000-ൽ അധികം ഉപദ്രവകാരികളായ സൈറ്റുകൾ ഫ്ളാഗ് ചെയ്യും; കൂടാതെ, ഞങ്ങൾ 14 മില്യൺ ഗൂഗിൾ സേർച്ച് റിസൾട്ടുകളിലും 300,000 ഡൗൺലോഡ്സിലും  അവയ്ക്കു പിന്നിൽ സംശയകരമായ സൈറ്റുകളോ ലിങ്കുകളോ ആയിരിക്കാം എന്ന് ദിവസേന മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു.

## നിങ്ങളുടെ മൊബൈൽ ഉപകരണം സംരക്ഷിക്കുന്നതിന് സഹായിക്കുന്നത്

ഗൂഗിളിന്റെ അൻഡ്രോയിഡ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന സ്മാർട്ട് ഫോണുകളിൽ കേടുപാടുകുന്ന സാഹചര്യം കുറയ്ക്കുന്നതിന്, സമാനമായ സുരക്ഷാ സംവിധാനങ്ങൾ ഉ. ഗൂഗിൾ പ്ലേസ്റ്റോറിലെ ഓരോ ആപ്പും എന്തു തരം വിവരങ്ങളാണ് ആ പ്രത്യേക ആപ്പിന് ശേഖരിക്കാനുള്ളത്, അല്ലെങ്കിൽ നിങ്ങളുടെ ഉപകരണത്തിൽ നിന്നും ലഭ്യമാക്കേത് എന്ന് കാണിക്കുന്ന പട്ടിക, നിങ്ങൾക്ക് ആ ആപ്പിനെ വിശ്വസിക്കാമോ ഇല്ലയോ എന്ന് തീരുമാനിക്കാൻ സഹായിക്കാൻ വേ, അൻഡ്രോയിഡ് ആവശ്യപ്പെടുന്നു. ഉപദ്രവകാരികളായ ആപ്പുകളെ തടയുന്നതിനും നീക്കം ചെയ്യുന്നതിനും വേ ഞങ്ങൾ ഓട്ടോമാറ്റിക്കായി ഗൂഗിൾ പ്ലെ സ്കാൻ ചെയ്യുന്നു. ചില ആൻഡ്രോയിഡ് ഫോണുകൾക്ക്, ഞങ്ങളുടെ ഗൂഗിൾ ആപ്ലിക്കേഷൻ വെരിഫൈങ് സേവനം, ഹാനികരമാകാൻ സാധ്യതയുള്ള ആപ്ലിക്കേഷനുകളെ, നിങ്ങൾ അവയെ എവിടെ നിന്ന് ഇൻസ്റ്റാൾ ചെയ്താലും, പരിശോധിച്ച് തടയുന്നു.





## ഞങ്ങൾ എല്ലാവർക്കും വേ ഇന്റർനെറ്റ് കൂടുതൽ സുരക്ഷിതമാക്കുന്നു

ഉപയോക്താക്കളെ സംരക്ഷിക്കുക  എന്നത് ഒരു കൂട്ടായ ചുമതല ആണ്. എല്ലാവരും ഏറ്റവും നല്ല സുരക്ഷാ സാങ്കേതികതയും ഏറ്റവും നല്ല സംവിധാനങ്ങളും ഉപയോഗിക്കുനനതാണ് നമുക്കെല്ലാവർക്കും നല്ലത്.

## വൈദഗ്ദ്ധ്യവും ടുളുകളും പങ്കിടുന്നത്

നിങ്ങളുടെ സുരക്ഷ ഞങ്ങൾക്കും പ്രധാനപ്പെട്ടത് ആയതിനാൽ, നിങ്ങൾ ഏത് സേവനങ്ങളും ഉല്പന്നങ്ങളും ആണ് ഉപയോഗിക്കുന്നത് എന്നിരുന്നാലും, മോശമായ സൈറ്റുകളെക്കുറിച്ച് ഞങ്ങളുടെ ദൃഷ്ടിയിൽ പെടുന്ന വിവരങ്ങൾ മറ്റു കമ്പനികൾക്ക് അവരുടെ ഉപയോക്താക്കളെയും സഹായിക്കാമല്ലോ എന്ന കാരണത്താൽ, അവരുമായി ഞങ്ങൾ പങ്കിടുന്നു. ഒരുമിച്ച് പ്രവർത്തിക്കയും, പരസ്പരം സഹായിക്കയും ചെയ്യുന്നതിനാൽ, വെബ് മൊത്തത്തിൽ  കൂടുതൽ സുരക്ഷിതമായി തീരുന്നു.

## ഉപയേക്താക്കളും വെബ്സൈറ്റ് ഉടമസ്ഥരുമായി ആശയ വിനിമയം നടത്തുന്നത്

ഞങ്ങളുടെ ഉപയോക്താക്കളെയും അവരെ സംബന്ധിച്ച വിവിരങ്ങളും സംരക്ഷിക്കുന്നതിനായി ഞങ്ങൾ പ്രവർത്തിക്കുമ്പോൾ, ചില അവസരങ്ങളിൽ അസാധാരണമായ പ്രവർത്തന ശൈലി ഞങ്ങൾക്ക് ദൃശ്യമാകുന്നു. ഓരോ ദിവസവും ഇതുപോലുള്ള 10,000-ൽ അധികം സുരക്ഷിതമല്ലാത്ത സൈറ്റുകൾ ഞങ്ങൾ ഫ്ളാഗ് ചെയ്യുന്നു. ആക്രമിക്കപ്പെട്ടു എന്ന് ഞങ്ങൾ സംശയിക്കുന്ന ആയിരക്കണക്കിന് വെബ്സൈറ്റ് ഉടമസ്ഥർക്ക് ഞങ്ങൾ ദിവിസേന സന്ദേശങ്ങൾ അയച്ച്, തങ്ങളുടെ സൈറ്റുകളെ ക്ലീൻ അപ്പ് ചെയ്യാൻ സഹായിക്കുന്നു.

## സെക്യൂരിറ്റി സംഘടനകളിൽ ഭാഗഭാഗിത്വം

തങ്ങളുടെ ഉപയോക്താക്കളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന ധാരാളം സംഘടനകളിൽ ഗൂഗിളിന് അംഗത്വം ഉ. ഉദാഹരണമായി, ഞങ്ങൾ പങ്കാളികളായി സ്ഥാപിച്ചതാണ് ടടീുആമറംമൃല.ീഴ എന്ന സ്ഥാപനം; അതിന്റെ ലക്ഷ്യം, വെബ് കൂടുതൽ സുരക്ഷിതമാക്കുകമാൽവെയർ കൊ ും മറ്റ് ഉപദ്രവകാരികളായ സോഫ്റ്റ്വെയർ കൊും അപകടത്തിലായ വെബ്സൈറ്റുകളെ ക്ലീൻ അപ്പ് ചെയ്യുക, മാൽവെയറിനെ തടയുക മുതലായവയാണ്.

## സ്റ്റിക്കറുകൾ!

ഓൺലൈനിൽ  സുരക്ഷിതവും, ഭദ്രവും ആയി വർത്തിക്കാൻ സഹായിക്കുന്ന 15 പൊടിക്കൈകൾ. കൂടുതൽ പൊടിക്കൈകൾക്കായി www.google.com/safetycenter സന്ദർശിക്കുക.

പാർട്ട്ണർമാർക്കും കൂടുതൽ വിഭവങ്ങൾക്കും സന്ദർശിക്കുക - www.google.com/safetycenter

Google

ഓൺലൈനിൽ സുരക്ഷിതമായി വർത്തിക്കുന്നത് എങ്ങനെ എന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.google.com/safetycenter.

© 2014 Google Inc. All rights reserved, Google, the Google logo, Android, Blogger, Chromebook, Gmail, Google Calendar, Google Chrome, Google Dashboard, Google Docs, Google Drive, Google Local Listing Ads, Google Play, Google SafeSearch, Google+ and YouTube are trademarks or registered trademarks of Google Inc.
All other company and product names may be trademarks of the respective companies with which they are associated.